# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2201 — 17.02.2016 ൽ മറുപടിയ്ക്ക്

## മണ്ണ് മാറ്റുന്നതിനുള്ള അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വൈക്കം താലൂക്കിൽ കഴിഞ്ഞ 1 വർഷത്തിനിടയിൽ മണ്ണ് മാറ്റുന്നതിനായി നൽകിയിട്ടുള്ള അനുമതികളുടെ വിശദവിവരം വ്യക്തമാക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | റോഡുകൾക്കും മറ്റുമായി മണ്ണെടുക്കുന്നതിന് പ്രസ്തുത താലൂക്കിൽ നിരോധനം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റോഡുകൾക്കും മറ്റുമായി മണ്ണെടുക്കുന്നതിന് വൈക്കം താലൂക്കിൽ മാത്രമായി പ്രത്യേക നിരോധന ഉത്തരവുകളൊന്നും മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നൽകിയിട്ടില്ല. |
| (സി) | താലൂക്കിൽ പൊതു- സ്വകാര്യ ആവശ്യങ്ങൾക്കായി മണ്ണ് മാറ്റുന്നതിന് നിലവിൽ എവിടെയൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും മണ്ണെടുക്കുന്ന പ്രദേശങ്ങളിൽ പരിശോധന നടത്തുവാൻ ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | വൈക്കം താലൂക്കിൽ മണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി ഉള്ളവരുടെ ലിസ്റ്റ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. സാധാരണ മണ്ണ് ഖനനം നടക്കുന്ന പ്രദേശങ്ങളിൽ പരിശോധന നടത്തുന്നതിന് റവന്യ വകുപ്പിലെ വില്ലേജ് ഓഫീസർ, തഹസിൽദാർ, റവന്യ ഡിവിഷണൽ ഓഫീസർ, എന്നിവർക്കും ജില്ലാകളക്ടർക്കും മൈനിംഗ് & ജിയോളജി വകുപ്പിലെ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യ ഇൻസ്പെക്ടർ എന്നിവർക്കും പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറിനു മുകളിൽ പദവിയുള്ള പോലീസ് ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്